## പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *20      23-01-2018 -ൽ മറുപടിക്ക്

### ചുഴലിക്കാറ്റ് സംബന്ധിച്ച മുന്നറിയിപ്പ്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. അൻവർ സാദത്ത്**<br>**ശ്രീ. കെ.മുരളീധരൻ**<br>**ശ്രീ. കെ.എസ്.ശബരീനാഥൻ**<br>**ശ്രീ. വി.ടി.ബൽറാം** | | **പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| എ) | കേരളത്തിന്റെ തീരക്കടലിൽ ചുഴലിക്കാറ്റ് രൂപപ്പെടുവാനുള്ള സാധ്യത സംബന്ധിച്ച് നവംബർ 27 മുതൽ ഹൈദരാബാദിലെ ഇൻകോയിസ് എന്ന സ്ഥാപനം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്ക് രേഖാമൂലം മുന്നറിയിപ്പ് നൽകിയിരുന്നോ ; | എ) | ചുഴലിക്കാറ്റ് സംബന്ധിച്ച് ഒരു മുന്നറിയിപ്പും INCOIS എന്ന സ്ഥാപനം 27-11-2017, 28-11-2017, 29-11-2017 എന്നീ തീയതികളിൽ നൽകിയിട്ടില്ല. എന്നാൽ നവംബർ 29-ന് പ്രസ്തുത സ്ഥാപനത്തിൽ നിന്നും ശ്രീലങ്ക തീരത്തെ ന്യൂനമർദ്ദവും കടൽസ്ഥിതി സംബന്ധിച്ചുള്ള രണ്ട് ബുള്ളറ്റിനുകളുമാണ് ലഭിച്ചത്. ഇവ രണ്ടും ചുഴലിക്കാറ്റ് സംബന്ധിച്ച അറിയിപ്പല്ല. |
| ബി) | നവംബർ 27, 28, 29 എന്നീ തീയതികളിൽ ഇൻകോയിസ് എത്ര മുന്നറിയിപ്പുകളാണ് നൽകിയത് എന്ന് വെളിപ്പെടുത്തുമോ; | ബി), സി) & ഡി) | 29.11.2017-ന് INCOIS-ൽ നിന്നും ശ്രീലങ്ക തീരത്തെ ന്യൂനമർദ്ദവും, കടൽ സ്ഥിതിയെ സംബന്ധിച്ചുമുള്ള രണ്ട് ബുള്ളറ്റിനുകൾ ആണ് ലഭിച്ചത്. ആദ്യ ബുള്ളറ്റിൻ 3.05 PM നും രണ്ടാമത്തേത് 5.43 PM നുമാണ് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്ക് ലഭിച്ചത്.<br>അവ ലഭിച്ചത് പോലെ തന്നെ, മാധ്യമങ്ങൾ ഉൾപ്പെടുന്ന സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നടത്തുന്ന WhatsApp Group മുഖാന്തിരം നൽകിയിരുന്നു. അതോടൊപ്പം കേന്ദ്ര കാലാവസ്ഥാ വകുപ്പ്, INCOIS എന്നിവരിൽ നിന്നും ലഭിച്ച SMS സന്ദേശവും ഇപ്രകാരം നൽകിയിരുന്നു. ഡിപ്രഷൻ, ഉയർന്ന |
| സി) | ഈ മുന്നറിയിപ്പുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | | |
| ഡി) | ഒരു നടപടിയും സ്വീകരിച്ചില്ലായെങ്കിൽ അതിനുള്ള കാരണമെന്തായിരുന്നു എന്ന് വ്യക്തമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | തിരമാല എന്നിവ 30.07.2015-ലെ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ മാർഗ്ഗ നിർദ്ദേശം പ്രകാരം ദുരന്തമായി അംഗീകരിക്കുന്നില്ല. ചുഴലിക്കാറ്റ് മാത്രമാണ് ദുരന്തം. ഡിപ്രഷൻ എന്ന സ്ഥിതിയിൽ പ്രത്യേക നടപടികൾ സ്വീകരിക്കാൻ സംസ്ഥാനങ്ങളോട് നിർദ്ദേശിക്കുന്നില്ല. ഡീപ് ഡിപ്രഷൻ എന്ന സ്ഥിതിയിൽ പോലും മത്സ്യത്തൊഴിലാളികൾ കടലിൽ പോകുന്നത് ഒഴിവാക്കണമെന്നുള്ള ഉപദേശം നൽകണം എന്ന അറിയിപ്പ് നൽകുക മാത്രമാണ് ചെയ്യേണ്ടത്. കേന്ദ്ര കാലാവസ്ഥാ വകുപ്പാണ് ചുഴലിക്കാറ്റിന്റെ മുന്നറിയിപ്പ് നൽകാനുള്ള നോഡൽ വകുപ്പ്. ആധുനിക പ്രവചന നിരീക്ഷണ സംവിധാനങ്ങളുള്ള കേന്ദ്ര കാലാവസ്ഥാ വകുപ്പിനുപോലും ചുഴലിക്കാറ്റാണെന്ന് തിരിച്ചറിയാൻ കഴിഞ്ഞത് 30.11.2017 -ന് മാത്രമാണ്. അതേ സമയം 30.11.2017-ന് രാവിലെ 8.30 ന് ലക്ഷദ്വീപിന് ചുഴലി മുന്നറിയിപ്പ് (Cyclone Alert) കേന്ദ്ര കാലാവസ്ഥാ വകുപ്പ് പുറപ്പെടുവിച്ചിരുന്നു. കേരളത്തിൽ ചുഴലിക്കാറ്റിന്റെ ആഘാതമുണ്ടാകുമെന്ന് ആദ്യമായി അറിയിപ്പ് കിട്ടുന്നത് അന്ന് ഉച്ചക്ക് 12 മണിക്കാണ്. |

സെക്ഷൻ ഓഫീസർ